പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4758

23.07.2015 - ൽ മറുപടിക്ക്.

## ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണ സംഭരണ മേഖലയിൽ വനിത വ്യവസായികൾ

ചോദ്യം

ശ്രീ. എം. ഹംസ

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഭക്ഷ്യ വസ്തുക്കളുടെ സംഭരണം വ്യവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) : | ഭക്ഷ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര പാലക്കാട് 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ സംസ്കരണ സംഭരണ മേഖലയിൽ വനിത വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായങ്ങൾ തുടങ്ങുന്നതിനുമായി ഏതെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്, വിശദാംശം ലഭ്യമാക്കാമോ ; | (ബി) : | വനിതകൾ ഉൾപ്പടെയുള്ള ഭക്ഷ്യ സംസ്കരണ സംരംഭകർക്കു വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിത വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനും മറ്റുമായി എത്ര രൂപയാണ് നീക്കി വച്ചത് ; അതിൽ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു ; 01/07/2011 മുതൽ 30/06/2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ ? | (സി) : | വനിതകൾക്കു വേണ്ടി പ്രത്യേക തുക നീക്കി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

വനിതകൾ ഉൾപ്പടെയുള്ള ഭക്ഷ്യ സംസ്കരണ സംരംഭകർക്ക വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കിയ വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവത്കരണത്തിനും വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾക്കായി സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ.

2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ.

3. അറവുശാലകളുടെ ആധുനിക വത്കരണം - പരമാവധി ഗ്രാന്റ് - 15 കോടി രൂപ.

4. മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി
ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/Diploma/Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 100 ലക്ഷം രൂപ.

5.വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship DevelopmentProgramme) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ.

6. ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം ; സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 20 ലക്ഷം രൂപ.

7. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 4 ലക്ഷം രൂപ.

8. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ/കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ - പരമാവധി 2.5 കോടി രൂപ.

9. ഇറച്ചിക്കടയുടെ (Meat shop) ആധുനികവത്കരണത്തിനായി സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 5 ലക്ഷം രൂപ.

10. Reefer വാനുകൾ - പരമാവധി - 50 ലക്ഷം രൂപ.

2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ പ്രസ്തുത പദ്ധതി പ്രകാരം 23 വ്യവസായ സംരംഭകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 23 പദ്ധതികളിൽ താഴെപ്പറയുന്ന 2 എണ്ണം വനിതാ സംരംഭകരുടേതാണ്.

1. മെറീസ് ഫുഡ് ഇൻഡസ്ട്രീസ് (ഐസ്ക്രീം യൂണിറ്റ്) - 50 ലക്ഷം രൂപ രൂപ ധനസഹായം നൽകി.
2. കൈരളി ബേക്കേഴ്സ്, തൃശ്ശൂർ - 26.28 ലക്ഷം രൂപ ധന സഹായം നൽകി.

ഇക്കാലയളവിൽ 24 സംരംഭകത്വ വികസന പദ്ധതികൾ (Entrepreneurship Development Programme) വഴി 544 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

S.O.